## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1785** **14.07.2011-ൽ മറുപടിയ്ക്ക്**

## ദന്താരോഗ്യ ബോധവൽക്കരണ പരിപാടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഇ. ചന്ദ്രശേഖരൻ:** | | **ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി)** | |
| എ) | സംസ്ഥാനത്ത് ദന്ത-വദന രോഗങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? | എ) | സംസ്ഥാനത്ത് ദന്ത-വദന രോഗങ്ങൾ വർദ്ധിച്ചുവരുന്നതായി ഡബ്ല്യു. എച്ച്.ഒ. സർവ്വേകളിൽ വ്യക്തമായിട്ടുണ്ട്. സംസ്ഥാനത്തെ സ്കൂൾ കുട്ടികളിൽ നടത്തിയ ദന്ത പരിശോധനാ സർവ്വേകളിൽ 50% കുട്ടികൾ ദന്തരോഗ ബാധിതരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| ബി) | എങ്കിൽ പൊതുജന ദന്താരോഗ്യ ബോധവല്ക്കരണത്തിന് ആരോഗ്യവകുപ്പിലെ സാങ്കേതിക വിദഗ്ദ്ധരായ ദന്തൽ ഹൈജീനിസ്റ്റുകളുടെ സേവനം പ്രയോജനപ്പെടുത്തുമോ? | ബി) | പൊതുജന ദന്താരോഗ്യ ബോധവല്ക്കരണത്തിന് ദന്തൽ ഹൈജീനിസ്റ്റുകളുടെ സേവനം ഉപയോഗപ്പെടുത്തുന്നകാര്യംപരിശോധിക്കുന്നതാണ് |

| | | | |
|---|---|---|---|
| സി) | സംസ്ഥാനത്തെ പിന്നോക്ക ആദിവാസി, മലയോര, തീരദേശ മേഖലകളിൽ മൊബൈൽ ദന്ത യൂണിറ്റുകൾ ആരംഭിക്കുമോ? | സി) | നിലവിൽ വയനാട് ജില്ലയിൽ ഒരു മൊബൈൽ യൂണിറ്റ് മാനന്തവാടി ജില്ല ആശുപത്രിയോട് അനുബ-ന്ധിച്ച് പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്തെ മറ്റ് പിന്നോക്ക ആദിവാസി മലയോര തീരദേശ മേഖലകളിൽ മൊബൈൽ ദന്തൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടില്ല. |
| ഡി) | സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ദന്തൽ യൂണിറ്റുകൾ സ്ഥാപിക്കുവാനും, ഓറൽ ഹെൽത്ത് പ്രാക്ടീഷണർമാരായി ദന്തൽ ഹൈജീനിസ്റ്റുകളെ നിയമിക്കുവാനും നടപടി സ്വീകരിക്കുമോ? | ഡി) | പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ദന്തൽ യൂണിറ്റുകൾ നിലവിലില്ല. എല്ലാ താലൂക്ക് ആശുപത്രികളിലും ദന്തൽ യുണിറ്റുകൾ ഘട്ടം ഘട്ടമായി തുടങ്ങുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്ത് 80 താലൂക്ക് ആശുപത്രികൾ ഉള്ളതിൽ 47 എണ്ണത്തിൽ ദന്തൽ യൂണിറ്റുകൾ നിലവിൽ ഉണ്ട്. ബാക്കിയുള്ള ആശുപത്രികളിൽ ഘട്ടം ഘട്ടമായി ദന്തൽയൂണിറ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| ഇ) | സർക്കാർ നിയമിച്ച ഡോ.മോഹനൻ നായർ സമിതി ശുപാർശയുടെ അടിസ്ഥാനത്തിൽ റീജിയണൽ ദന്തൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ? | ഇ) | ഡോ.മോഹനൻ നായർ സമിതിയുടെ ശുപാർശകൾ പഠിച്ചശേഷം തീരുമാനം കൈകൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ